**വ്യക്തിപരമായ വിശദീകരണം**

ശ്രീ. എം. എം. മണി: സർ, കഴിഞ്ഞ പതിനാലാം തീയതി സഭയിൽ ഞാൻ നടത്തിയ പ്രസംഗത്തിലെ ഒരു പരാമർശത്തെക്കുറിച്ച് അങ്ങ് നടത്തിയ നിരീക്ഷണത്തെ ഞാൻ മാനിക്കുന്നു. യഥാർത്ഥത്തിൽ ആ പ്രസംഗത്തിൽതന്നെ എന്റെ ഉദ്ദേശ്യശുദ്ധി വ്യക്തമാക്കാൻ ഞാൻ ശ്രമിച്ചതാണെങ്കിലും ബഹളത്തിൽ അത് മുങ്ങിപ്പോവുകയായിരുന്നു. രേഖകൾ പരിശോധിച്ചാൽ അത് ആരെയും അപമാനിക്കണമെന്ന് ഉദ്ദേശിച്ചിട്ടില്ല, ഒരിക്കലുമങ്ങനെ ചിന്തിച്ചിട്ടില്ലെന്ന് ഞാൻ പറഞ്ഞതായി കാണാവുന്നതാണ്. 'അത് അവരുടേതായ വിധി' എന്ന് ഞാൻ പറഞ്ഞിരുന്നു. ഒരു കമ്യൂണിസ്റ്റുകാരനായ ഞാൻ അങ്ങനെ പറയരുതായിരുന്നു, ഒഴിവാക്കേണ്ടതായിരുന്നു. ഈ പരാമർശം ഞാൻ പിൻവലിക്കുകയാണ്.